# എഫ്.എസ്.ഇ.ടി.ഒ.

# അധികാരവികേന്ദ്രീകരണവും പ്രാദേശിക വികസനവും

## ഓപ്പൺ ഫോറം

**അ**ധികാര വികേന്ദ്രീകരണത്തിന്റെ മേന്മകൾ മൂലം തുടക്കം മുതലേ ഇന്ത്യയിൽ അത് സംബന്ധിച്ച ചർച്ചകൾ നടന്നിരുന്നു. ഒന്നാം പഞ്ചവത്സരപദ്ധതി കാലത്ത് ആരംഭിച്ചതും രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വ്യാപകമായതുമായ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ബ്ലോക്ക് സംവിധാനമാണ് പരിമിതമായിട്ടാണെങ്കിൽ പോലും പ്രാദേശിക ആസൂത്രണത്തിന് തുടക്കം കുറിച്ചത്.ഇതിനിടെ ബ്ലോക്കുകളേയും വികസന പ്രവർത്തനങ്ങളേയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാർ നിയോഗിച്ച ബൽവന്ത് റായി മെഹ്ത കമ്മീഷൻ ശുപാർശ ചെയ്തു. പഞ്ചായത്ത് രാജിന് ഈ ശുപാർശകൾ ഉന്മേഷം പകർന്നെങ്കിലും കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞില്ല.

തദ്ദേശതലത്തിൽ അധികാരവികേന്ദ്രീകരണവും സ്വയംഭരണ സ്ഥാപനവും ഭരണ ഘടനയിൽ രാഷ്ട്രനയ നിർദ്ദേശകതത്വം മാത്രമായതിനാൽ പ്രായോഗികമായില്ല. തദ്ദേശഭരണം സംസ്ഥാന വിഷയമാകായാൽ ഐകരൂപ്യം സാധ്യമായില്ല. സംസ്ഥാന തലത്തിൽ കേരളത്തിൽ ഉൾപ്പെടെ ജില്ലാ ഭരണ സ്ഥാപന രൂപികരണത്തിന് നടത്തിയ ശ്രമങ്ങൾ സ്ഥായിത്വം ഇല്ലാതെ പോയി. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ നിർവഹണ ഉപകരണമായി തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നു.

1992-ലെ 73, 74 ഭരണഘടന ഭേദഗതികളാണ് ഈ ദിശയിലെ നാഴികക്കല്ലുകൾ എന്നു പറയാവുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് പുറമെ ശക്തമായ പ്രാദേശിക സർക്കാരുകൾ കൂടി ഉണ്ടാകുന്നതിന് ഈ ഭേദഗതികളിലൂടെ ലക്ഷ്യമിടുന്നു. ഈ ഭേദഗതികളെ തുടർന്ന് ഗ്രാമ പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്ത് സംവിധാനവും നഗരപ്രദേശങ്ങളിൽ നഗരസഭാ സ്ഥാപനങ്ങളും നിലവിൽ വന്നു. എന്നാൽ നിയന്ത്രിയ സ്വയംഭരണത്തിനും പരിമിത അധികാര ഉത്തരവാദിത്വങ്ങൾക്കും അപ്പുറം പൂർണ്ണസ്വയംഭരണ തത്വം പാലിക്കപ്പെട്ടിട്ടില്ല.

## കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ തുടക്കം

1956-ൽ സംസ്ഥാനം രൂപീകരിക്കപ്പെട്ടതു മുതൽ തന്നെ കേരളത്തിൽ അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള ഗൗരവമായ ആലോചനകൾ നടന്നിരുന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരമേറ്റ ആദ്യ സർക്കാർ സംസ്ഥാനത്ത് ഒരു ഭരണ പരിഷ്ക്കരണ സമിതിയെ നിയോഗിച്ചു. സംസ്ഥാനഭരണ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായി പഞ്ചായത്തുകളെ ശക്തിപ്പെടുത്തണമെന്നും ജില്ലതലത്തിൽ ജില്ലാ കൗൺസിലുകൾ രൂപീകരിക്കണമെന്നുമുള്ള ശുപാർശകൾ ഭരണ പരിഷ്ക്കരണ സമിതി സമർപ്പിച്ചു. അതിനെത്തുടർന്ന് 1958-ലെ കേരള പഞ്ചായത്തു ബിൽ, 1959-ലെ ജില്ലാ കൗൺസിൽ ബിൽ എന്നിവ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. എന്നാൽ മന്ത്രിസഭ പിരിച്ചുവിട്ടതിനാൽ അവ നിയമങ്ങളാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 1960-ൽ അന്നത്തെ സർക്കാർ കേരള പഞ്ചായത്ത് നിയമം പാസാക്കിയെങ്കിലും അധികാരം വികേന്ദ്രീകരിച്ചില്ല. കേന്ദ്രീകൃതമായി സംസ്ഥാനതലത്തിൽ നടന്നിരുന്ന ആസൂത്രണത്തെ താഴേത്തട്ടിലേയ്ക്ക് കൊണ്ടുപോകാനും കഴിഞ്ഞില്ല.

അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനായി ജില്ലാ കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് 1990-ൽ വിപ്ലവകരമായ പരിഷ്ക്കാരങ്ങൾക്ക് കേരളം തുടക്കം കുറിച്ചെങ്കിലും അവയ്ക്ക് അൽപായുസ്സ് മാത്രമാണ് ഉണ്ടായത്. 1991-ൽ അധികാരത്തിൽ വന്ന സർക്കാർ ജില്ലാ കൗൺസിലുകളെ പ്രവർത്തിക്കാൻ അനുവദിച്ചില്ല. എന്നാൽ 1992-ലെ ഭരണഘടനാ ഭേദഗതികൾ സമഗ്ര വികേന്ദ്രീകരണത്തിന്റെ പാത സ്വീകരിക്കാൻ കേരളത്തെ വളരെയേറെ സഹായിക്കുന്നതായിരുന്നു.

## അധികാര വികേന്ദ്രീകരണത്തിന്റെ നാൾ വഴികൾ

### 1991–1996 (യു.ഡി.എഫ്.ഭരണം)

ഭരണഘടനയുടെ 73,74 ഭേദഗതികൾ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് നൂതനമായ ഒട്ടേറെ അവസരങ്ങൾ ഒരുക്കുന്നതായിരുന്നു എന്ന് മുകളിൽ സൂചിപ്പിച്ചല്ലോ. 1994-ൽ അന്നത്തെ സർക്കാർ കേരളാ പഞ്ചായത്ത് രാജ് നിയമവും കേരളാ മുനിസിപ്പാലിറ്റി നിയമവും നിർമ്മിച്ചതിനെത്തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ നിശ്ചയിക്കുകയും ഉദ്യോഗസ്ഥരെ കൈമാറുകയും ചെയ്തെങ്കിലും പ്രാദേശിക സർക്കാർ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചില്ല.അവസനത്തെ 8 മാസക്കാലം മാത്രമാണ് സർക്കാർ പരിമിതമായ പ്രവർത്തനം നടത്തിയത്.





### 1996–2001 (എൽ.ഡി.എഫ്.ഭരണം)

എന്നാൽ തുടർന്ന് 1996-ൽ അധികാരത്തിൽ വന്ന സർക്കാർ അധികാര വികേന്ദ്രീകരണ പ്രക്രിയ വ്യവസ്ഥാപിതമാക്കാനും വികേന്ദ്രീകൃത ആസൂത്രണം യാഥാർത്ഥ്യമാക്കാനും ഒട്ടേറെ നടപടികൾ സ്വീകരിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഒൻപതാം പഞ്ചവത്സര പദ്ധതി കാലയളവിൽ പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്ന് തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കായിട്ടും അവ രൂപപ്പെടുത്തി എടുക്കുന്ന പരിപാടികൾക്കായിട്ടും നീക്കിവെയ്ക്കുക എന്നത്. ആസൂത്രണ പ്രക്രിയ താഴെ തട്ടിൽ നിന്നും സംഘടിപ്പിക്കുവാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകുകയും ചെയ്തു. ഇതിന്റെ ഭാഗമായി വിദഗ്ദ്ധരുടേയും ഉദ്യോസ്ഥരുടേയും സേവനം ഉറപ്പാക്കുകയും സന്നദ്ധ പ്രവർത്തകരേയും ബഹുജനങ്ങളേയും ജനപ്രതിനിധികൾക്ക് പിന്നിൽ അണിനിരത്തുകയും ചെയ്തു.

9-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ സ്വീകരിച്ച ശക്തമായ നടപടികളിലൂടെ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ശേഷിയുള്ള സ്ഥാപനങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റി. പരമ്പരാഗത വികേന്ദ്രീകരണ സമ്പ്രദായം അനുശാസിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ചുമതലകൾ നൽകിയിട്ട് ശേഷി വർദ്ധിപ്പിക്കുക, അധികാരം നൽകിയിട്ട് സംവിധാനവും നടപടിക്രമങ്ങളും തീരുമാനിക്കുക, ധനം വിതരണം ചെയ്തിട്ട് വിനിയോഗക്രമം ചിട്ടപ്പെടുത്തുക എന്ന രീതിയാണ് ഇവിടെ സ്വീകരിച്ചത്. ഇത്തരത്തിൽ സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നത് കേരളത്തിന് മാത്രം അവകാശപ്പെടാവുന്ന ഒരു കാര്യമാണ്. അതുകൊണ്ടു തന്നെ ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്നതിന് കേരളത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ രാജ്യത്തിന് മാതൃകയായാണ് വിലയിരുത്തപ്പെടുന്നത്.

ഒൻപതാം പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രധാന പ്രവർത്തനങ്ങളും ജനകീയാസൂത്രണ പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞ പ്രധാന നേട്ടങ്ങളും ചുവടെ നൽകുന്നു.

- ⇨ സമഗ്ര നിയമ-ചട്ട പരിഷ്കരണവും നയരൂപീകരണവും
- ⇨ അധികാരവികേന്ദ്രീകരണവും- ആസൂത്രണ വികേന്ദ്രീകരണവും ജനകീയമായി ഏകോപിക്കുക.
- ⇨ ജനകീയാസൂത്രണ പ്രസ്ഥാന രൂപീകരണവും നിർവ്വഹണവും
- ⇨ പങ്കാളിത്ത വികസന പ്രക്രിയ സ്ഥായിത്വമുള്ളതാകുന്നു.
- ⇨ അധികാര വികേന്ദ്രീകരണ അനുബന്ധ നിയമപരിഷ്കരണം

- ഭരണ പരിഷ്കരണ കമ്മിറ്റി രൂപീകരണവും നിർവ്വഹണവും
- സന്നദ്ധ-സാങ്കേതിക പിൻതുണ സംവിധാനവും പരിശീലന ശാക്തീകരണ പ്രവർത്തനവും
- അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ (സെൻ കമ്മിറ്റി) ശുപാർശകൾക്ക് അനുസൃതമായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും 1999-ൽ പൂർണമായി ഉടച്ചുവാർത്തതിലൂടെ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിന് ആവശ്യമായ നിയമത്തിന്റെ ശക്തമായ അടിത്തറ പാകി. ഈ ഭേദഗതിയിലൂടെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളിന്മേൽ സർക്കാരിനുള്ള നിയന്ത്രണാധികാരം കുറയ്ക്കുന്നതിനും അവയുടെ സ്വയംഭരണാവകാശം സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടുള്ള സ്ഥാപനങ്ങളായ ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രിബ്യൂണലുകൾ, സംസ്ഥാന വികസന കൗൺസിൽ എന്നിവ രൂപീകരിച്ചത്.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിനായി 37 നിയമങ്ങൾ 2000-ൽ ഭേദഗതി ചെയ്തു.
- ഉദ്യോഗസ്ഥ പുനർവിന്യാസത്തിന് തുടക്കം കുറിക്കുകയും ജില്ലാതല ഉദ്യോഗസ്ഥരെ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുകയും ചെയ്തു.
- പ്രാദേശിക ആസൂത്രണത്തിനുള്ള പദ്ധതി വിഹിതം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നഅവസ്ഥ സൃഷ്ടിച്ചതിലൂടെ കേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാനത്തിന്റെ എല്ലായിടത്തും പൊതുനിക്ഷേപത്തിന് സൗകര്യം ലഭിക്കുന്ന സ്ഥിതി സംജാതമാക്കി. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്ന് തുകയാണ് ഇപ്രകാരം ലഭ്യമാക്കിയത്.
- പ്രാദേശികതല പദ്ധതി ആസൂത്രണത്തിന് രാജ്യത്തിനാകെ മാതൃകയായി പങ്കാളിത്ത ആസൂത്രണരീതി ശാസ്ത്രം (Participatory Planning methodology) വികസിപ്പിച്ചെടുത്തു.
- ഉൽപാദനമേഖലയ്ക്ക് 40% തുക ചെലവഴിക്കണമെന്ന് നിഷ്ക്കർഷിച്ചതിലൂടെ പ്രാദേശിക സാമ്പത്തിക വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുകയും ഉൽപാദനം വർദ്ധിക്കുകയും ചെയ്തു. കൃഷി-അനുബന്ധ മേഖലകളിലെ ഉൽപാദന വർദ്ധനവ് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.
- പദ്ധതി വിഹിതത്തിന്റെ 10% വനിതാ വികസന പരിപാടികൾക്ക് നിർബന്ധമായും വിനിയോഗിക്കണമെന്ന നിർദേശം വനിതകൾക്ക് വളരെയേറെ പ്രയോജനകരമായിതീർന്നു.





- ജില്ലാതല മുൻഗണനകൾക്ക് അനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ, നിർവഹണ പ്രവർത്തനങ്ങൾക്ക് ശരിയായ ദിശാബോധം നൽകുന്ന സ്ഥാപനങ്ങളായി ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തി.
- വ്യക്തികൾക്കും സമൂഹത്തിനും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ഗണ്യമായ നേട്ടം കൈവരിച്ചു. ഭവനനിർമാണം, ശുചിത്വ സംവിധാനങ്ങൾ, കുടിവെള്ള വിതരണം, ആശുപത്രികൾക്കും സ്കൂളുകൾക്കും അംഗനവാടികൾക്കും വേണ്ടിയുള്ള സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, വൈദ്യുതീകരണം മുതലായവ ഇവയിൽ പ്രധാനപ്പെട്ടതാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ ദാരിദ്ര്യ നിർമാർജന ഉദ്യമത്തിന് ശക്തമായ അടിത്തറപാകി. കേന്ദ്രീകൃത സംവിധാനത്തിലൂടെ ലഭ്യമാകുമായിരുന്നതിനേക്കാൾ കൂടുതൽ പദ്ധതിവിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ ദരിദ്ര ജനവിഭാഗങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.
- ശുദ്ധജലവിതരണം, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, കാർഷിക വിഭവങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ മുതലായ കാര്യങ്ങളിൽ മികച്ച മാതൃകകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.
- ഭാരതീയ ചികിത്സാരീതികൾ, ഹോമിയോപ്പതി എന്നീ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ആരോഗ്യ സ്ഥാപനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ എല്ലായിടത്തും ലഭ്യമാക്കി.
- പ്രദാനം ചെയ്യുന്ന സേവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച പൗരവകാശരേഖ പ്രഖ്യാപിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തി. എന്തെല്ലാം സേവനങ്ങൾ ഏതേത് സമയപരിധിക്കുള്ളിൽ ലഭ്യമാക്കുമെന്ന് പൗരവകാശരേഖ വഴി പരസ്യപ്പെടുത്തി.
- സർക്കാർ വകുപ്പുകൾ കൈകാര്യം ചെയ്തു വന്നിരുന്നതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനതലങ്ങളായ ഗ്രാമ പഞ്ചായത്തുകൾക്കും നഗര സഭകൾക്കും കൈമാറിയതുമായ സാമൂഹിക സുരക്ഷാപദ്ധതികൾ അടക്കമുള്ള വിവിധ പ്രത്യക്ഷ സേവന ഉത്തരവാദിത്വങ്ങളും ചുമതലകളും ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

**2001-2006 (യു.ഡി.എഫ്.ഭരണം അധികാര വികേന്ദ്രീകരണം അട്ടിമറിച്ചു.)**

ജനകീയാസൂത്രണത്തിന് പിൻതുടർച്ചയായാണ് പത്താം പഞ്ചവത്സര പദ്ധതിയിൽ കേരള വികസന പദ്ധതി പ്രഖ്യാപിച്ചതെങ്കിലും അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളെ പിന്നോട്ടടിക്കുന്ന സമീപനമാണ് ആ കാലഘട്ടത്തിൽ നടപ്പാക്കാൻ ശ്രമിച്ചത്. അനുവദിച്ച

ഫണ്ട് 9.07.2003-ൽ ഒരു ഉത്തരവ് മുഖേന തിരിച്ചു പിടിച്ചതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏകദേശം ആയിരം കോടി രൂപ നഷ്ടപ്പെടുകയുണ്ടായി. മാർച്ച് 31-ന് ചെലവഴിക്കപ്പെടാത്ത പണം തിരിച്ചടക്കണമെന്ന നിർബന്ധിത സ്ഥിതി സംജാതമായി. പട്ടികവർഗ ഉപപദ്ധതിയുടെ ആസൂത്രണവും നിർവഹണവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും തിരിച്ചു പിടിച്ച് വകുപ്പുമന്ത്രയുടെ നിയന്ത്രണത്തിലാക്കി. ഉൽപാദന മേഖലയുടെ വിഹിതം വെട്ടിക്കുറച്ചു.

നബാർഡ്, ആർ.ഐ.ഡി.എഫ്.തുടങ്ങിയവയുടെ വിഹിതവും പദ്ധതി വിഹിതത്തിന്റെ ഭാഗമാക്കി കൂട്ടിച്ചേർത്തതിലൂടെ പദ്ധതി ആസൂത്രണം ദുഷ്ക്കരമാക്കി. ഗുണഭോക്തൃ സമിതികൾ എന്ന നൂതന വികസന സങ്കൽപവും നേട്ടവും വേണ്ടന്നുവെയ്ക്കുകയും കരാർ സമ്പ്രദായം പുന:സ്ഥാപിക്കുകയും ചെയ്തു. സെൻ കമ്മിറ്റി ശുപാർശ ചെയ്തത് പ്രകാരമുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തുന്നതിൽ ഉണ്ടായ കാലതാമസം അധികാര വികേന്ദ്രീകരണത്തെ തന്നെ വികലമാക്കി. സാങ്കേതിക ഉപദേശക സമിതികൾ ദുർബലപ്പെടുകയും ജനപങ്കാളിത്തം കുറയുകയും ചെയ്തു. 2001 ഏപ്രിൽ ഒന്ന് മുതൽ നടപ്പാക്കേണ്ടിയിരുന്ന രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശകൾ 2004 ഏപ്രിലിലേയ്ക്ക് ദീർഘിച്ചതു കാരണം അതിന്റെ പ്രയോജനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാൻ വൈകി.

× 2001-06 ൽ കേരളവികസന പദ്ധതി വഴി ജനപങ്കാളിത്തവും നേതൃത്വവും ഇല്ലാതാക്കി.
× പട്ടികജാതി- പട്ടിക വർഗ്ഗ പദ്ധതി വിഹിതവും പരിപാടികളും തിരിച്ചു പിടിച്ചു.
× ധനവിഹിതവും വെട്ടിച്ചുരുക്കുകയും സർക്കാർ തിരിച്ചെടുക്കുകയും ചെയ്തു.
× സന്നദ്ധ-സാങ്കേതിക പിൻതുണാ സംവിധാനം ഇല്ലാതാക്കി
× പരിശീലന-ശാക്തീകരണ പ്രക്രിയ ദുർബ്ബലമാക്കി.

**2006–2011 (എൽ.ഡി.എഫ്.അധികാരത്തിൽ)**

ജനാധിപത്യഭരണ വികേന്ദ്രീകരണ പ്രക്രിയ ശരിയായ ദിശയിലേയ്ക്ക് കൊണ്ടു വരുന്നതിനും വികേന്ദ്രീകൃത ആസൂത്രണം സംസ്ഥാനത്ത് സ്ഥായിയാക്കുന്നതിനുമായി ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. കാർഷിക മേഖലയുടെ പുനരുജ്ജീവനം, പൊതുസേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ദരിദ്ര ജനവിഭാഗങ്ങൾക്ക് മുൻഗണന നൽകികൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കൽ എന്നിവയായിരുന്നു രണ്ടാം ഘട്ട ജനകീയ ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യങ്ങൾ.

വർദ്ധിച്ച ജനപങ്കാളിത്തത്തോടെയും വിദഗ്ദ്ധരുടെ സഹായത്തോടെയും ആസൂത്രണത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും കൃഷിയിലും അനുബന്ധ മേഖലകളിലും





ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള ശ്രമങ്ങളുണ്ടായി. ഉൽപാദനമേഖലയുടെ വിഹിതം 40% ആയി വർദ്ധിപ്പിച്ചതിലൂടെ കാർഷിക-അനുബന്ധ മേഖലകളിൽ ഉണർവ് പ്രകടമായി. പാവപ്പെട്ടവർക്ക് ഇ.എം.എസ്.ഭവന പദ്ധതിയിലൂടെ വീട് നിർമിച്ച് നൽകി. അഞ്ചു വർഷം കൊണ്ട് ഏകദേശം നാല് ലക്ഷം വീടുകളാണ് നിർമിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി പ്രത്യേക എഞ്ചിനിയറിംഗ് വിഭാഗം രൂപീകരിച്ചു. പദ്ധതി തയ്യാറാക്കൽ, പരിശോധന, അംഗീകാരം മുതലായ നടപടികൾ ഇലട്രോണിക് രൂപത്തിലാക്കി. മാർച്ച് 31-ന് ചെലവഴിക്കാത്ത പണം പൂർണമായി തിരിച്ചു പിടിക്കുന്ന സമ്പ്രദായം ഒഴിവാക്കി. വനിതാ സംവരണം 50%-മായി വർദ്ധിപ്പിച്ചു.

ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പൗര സംബന്ധമായ ചുമതലകളുടെ നിർവഹണം മെച്ചപ്പെടുത്തുകയും ഫ്രണ്ട് ഓഫീസ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. ദാരിദ്ര്യ ലഘൂകരണത്തിനൊപ്പം പാവങ്ങളുടെ ജീവിത നിലവാരം ഗണ്യമായി ഉയർത്തുന്നതിനും ജലസ്രോതസ്സുകളുടേയും മലഞ്ചരിവുകളുടേയും സംരക്ഷണം അടക്കമുള്ള പാരിസ്ഥിതിക പുന:സ്ഥാപന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി വലിയ സാധ്യതകളാണ് തുറന്നു തന്നത്. തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുവായ വികസനം തന്നെ ശക്തിപ്പെടുത്താൻ സഹായിച്ചു. അതുപോലെ കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടായി.

× അധികാര വികേന്ദ്രീകരണത്തെ സുസ്ഥിരമാക്കുന്ന പ്രക്രിയ.
× ധനവിഭവ ലഭ്യത ഭരണഘടനാപരവും സംസ്ഥാന ധനകമ്മീഷൻ അവാർഡിന് അനുസൃതവും ആയി ഉറപ്പുവരുത്തി.
× സമഗ്ര നീർത്തട- നെൽവയൽ സംരക്ഷണ- കാർഷിക ഭക്ഷ്യസുരക്ഷാ പദ്ധതി പ്രാവർത്തികമാക്കി.
× ഉല്പാദന- സേവന മേഖലകളെ കാര്യക്ഷമമായി ശക്തിപ്പെടുത്തി.
× തൊഴിലുറപ്പു പദ്ധതി രൂപീകരണ- നിർവ്വഹണ ചുമതല തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചു.
× ഇ.എം.എസ് പാർപ്പിട പദ്ധതി നിർവ്വഹാണ സ്ഥാപനമായി തദ്ദേശഭരണ സംവിധാനത്തെ മാറ്റി.
× വനിതാ ശാക്തീകരണ- ഇൻഡർ ബഡ്ജറ്റിംഗ് വനിതാഘടക പദ്ധതിയും 50% സ്ത്രീ നേതൃത്വവും പങ്കാളിത്തവും ഉറപ്പാക്കി.
× പട്ടികജാതി പ്രത്യേക പദ്ധതിയും ആദിവാസി ഉപപദ്ധതിയും ജന

കീയമാക്കി മാറ്റി.

× വിവരാവകാശം, സാമൂഹ്യനിരീക്ഷണം, പൗരാവകാശ രേഖ, നഷ്ടോത്തരവാദിത്വം, പരാതി പരിഹാരം എന്നിവ ഉൾപ്പെടെ സദ്ഭരണ പ്രക്രിയ സാധൂകരിച്ചു.

× പരിശീലനം, വിദഗ്ധ പിൻതുണ, വിവരസാങ്കേതിക പിൻതുണ എന്നിവ ഉറപ്പു വരുത്തി.

× തദ്ദേശഭരണ - ഗ്രാമവികസന- നഗരാസൂത്രണ സ്ഥിതിവിവര- സംവിധാനങ്ങൾ ഏകോപിച്ചു.

× കുടുംബശ്രീ സംവിധാനത്തെ നിയമപരവും വ്യവസ്ഥാപിതവും ആക്കി മാറ്റി.

× തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വിഭാഗം ഉൾപ്പെടെ ഉദ്യേഗസ്ഥ കേഡർ രൂപികരിക്കുന്നതിന് തീരുമാനിച്ചു. ഓഡിറ്റ് വകുപ്പ് വ്യവസ്ഥാപനം നിർവ്വഹിച്ചു.

## 2011 (വീണ്ടും യു.ഡി.എഫ്)

2011-ൽ അധികാരത്തിൽ വന്ന സർക്കാർ തദ്ദേശ സ്വയം ഭരണ വകുപ്പിനെ മൂന്നായി വിഭജിച്ചുകൊണ്ട് തുടക്കത്തിൽ തന്നെ അധികാര വികേന്ദ്രീകരണ പ്രക്രിയയോടുള്ള സമീപനം വ്യക്തമാക്കുകയുണ്ടായി. തുടർന്നുള്ള പല നടപടികളും അതുവരെ കേരളം കൈവരിച്ച നേട്ടങ്ങളെ ഇല്ലായ്മ ചെയ്യുന്നതും വികേന്ദ്രീകരണത്തിന്റെ ദിശ പുറകോട്ടാക്കുന്നതും ആയിരുന്നു. അതിൽ നിർണായകമായ ചിലത് ചുവടെ ചേർക്കുന്നു.

⇨ ജില്ലാതല മുൻഗണനകൾ നിശ്ചയിക്കേണ്ട ചുമതലകൾ ഉള്ളതും പദ്ധതി ആസൂത്രണ-നിർവഹണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകേണ്ടതുമായ ജില്ലാ ആസൂത്രണ സമിതികളെ ദുർബലമാക്കി.

⇨ ജില്ലാ ആസുത്രണ സമിതികൾ ദുർബല സംവിധാനമായി മാറിയതോടെ ജില്ലാ കളക്ടറിൽ അധികാരം കേന്ദ്രീകരിക്കുന്നു. ഡിപ്പാർട്ട്മെന്റലിസം തിരിച്ചു വരുന്നു.

⇨ മേഖലാ വിഭജന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ചുമതലയിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ പിന്നോക്കം പോയി. ഉൽപാദനമേഖലയ്ക്ക് ഫണ്ട് നീക്കിവെയ്ക്കേണ്ടതില്ലെന്ന നിബന്ധന തിരിച്ചടിയായി.

⇨ പദ്ധതി നിർവഹണത്തിൽ കാലതാമസം നേരിടുകയും സ്പിൽ ഓവർ വർദ്ധിക്കുകയും ചെയ്യുന്നു. ഫണ്ട് വിനിയോഗം പൂർണമായി രണ്ട് വർഷത്തേയ്ക്ക് ദീർഘിപ്പിയ്ക്കുന്നത് പദ്ധതി നിർവഹണത്തിന്റെ ഗുണമേന്മയെ കാര്യമായി ബാധിക്കും.





⇨ നിർബന്ധമായും പണം വകയിരുത്തേണ്ട പദ്ധതികളുടെ എണ്ണവും അവയുടെ വിഹിതവും കാലാകാലങ്ങളായി വർദ്ധിക്കുന്നു. ഇവയിൽ പലതിന്റെയും നിർവഹണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യാതൊരു പങ്കുമില്ല.

⇨ വകുപ്പുകൾ നടപ്പാക്കുന്ന ഭവന നിർമാണ പരിപാടികളുടെ സബ്സിഡി തുക സാമ്പത്തിക വർഷത്തിന്റെ മധ്യത്തിൽ വച്ച് വർദ്ധിപ്പിച്ചതിന് അനുസൃതമായി അധിക വിഹിതം സർക്കാർ ലഭ്യമാക്കാത്തതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭവന പദ്ധതികൾ പ്രതിസന്ധിയിലാകുന്നു.

⇨ എല്ലാവർക്കും വീട് ലഭ്യമാക്കുന്നതിനായി ആവിഷ്ക്കരിച്ച ഇ.എം.എസ്. ഭവനപദ്ധതി നിർത്തലാക്കിയത് വലിയ തിരിച്ചടിയായി. പണം ലഭ്യമാക്കുകയോ വായ്പ എടുക്കുന്നതിന് അനുമതി നൽകുകയോ ചെയ്യാത്തതിനാൽ കരാറിൽ ഏർപ്പെട്ടവർക്കു പോലും വീട് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചു.

⇨ ഐ.എ.വൈ. പദ്ധതിക്ക് വേണ്ട അധിക വിഹിതം ലഭ്യമാക്കാമെന്ന് സർക്കാർ വാഗ്ദാനം നൽകിയിരുന്നെങ്കിലും ആയത് ലഭ്യമാക്കാത്തതുകൊണ്ട് നിശ്ചിത എണ്ണം വീടുകൾ പോലും പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുന്നില്ല.

⇨ വികേന്ദ്രീകൃത ആസൂത്രണത്തെ സംബന്ധിക്കുന്ന നയതീരുമാനങ്ങൾ എടുക്കേണ്ട സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി, വ്യവസ്ഥകൾക്ക് വിധേയമായല്ലാതെ നടപ്പാക്കിയ പ്രോജക്ടുകൾക്ക് സാധൂകരണം നൽകുന്ന സംവിധാനമായി മാറി.

⇨ പ്രാദേശികതല വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട നയതീരുമാനങ്ങൾ ചർച്ച ചെയ്യുക, ജില്ലാ പദ്ധതികളെ സംസ്ഥാന പദ്ധതിയുമായ സംയോജിപ്പിക്കുക, ഒന്നിലേറെ ജില്ലകളെ ബാധിക്കുന്ന വികസന പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുക മുതലായ ചുമതലകൾ നിറവേറ്റേണ്ട സംസ്ഥാന വികസനസമിതി നിരുപയോഗകരവും പ്രവർത്തനരഹിതവുമാക്കി.

⇨ ലഭിക്കാൻ ഇടയുള്ള ഫണ്ടിന്റെ വിവരങ്ങൾ സാമ്പത്തിക വർഷാരംഭത്തിൽ അറിയാൻ കഴിയാതെ വരുന്നതിലൂടെ പദ്ധതി ആസൂത്രണം മുൻകൂട്ടി നടത്താൻ കഴിയുന്നില്ല. നികുതി വരുമാന വർദ്ധനവിന്റെ വിഹിതവും ലോകബാങ്ക് വിഹിതവും സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിലാണ് അനുവദിച്ചത്. ഇതിലൂടെ ഫണ്ട് വിനിയോഗം വ്യവസ്ഥാപിതമല്ലാതാകുന്നു.

⇨ കെ.എൽ.ജി.എസ്.ഡി.പി. പോലെ ഫണ്ട് വിതരണത്തിന് പ്രത്യേക ഏജൻസികൾ കഠിനമായ നിബന്ധനകളും വ്യവസ്ഥകളും ഏർപ്പെടുത്തിയത് പദ്ധതി ആസൂത്രണത്തെ ദുഷ്ക്കരമാക്കി.

- പബ്ലിക് അക്കൗണ്ടുകൾക്ക് പകരം സഞ്ചിത നിധിയിൽ (Consolidated Fund) നിന്നും പണം നേരിട്ട് പിൻവലിക്കുന്ന സമ്പ്രദായത്തിലേക്ക് മാറുന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലാതാകും. ധനകാര്യ കമ്മീഷൻ ശുപാർശയാൽ ആവിഷ്ക്കരിക്കപ്പെട്ടതും വ്യാപകമായി സ്വാഗതം ചെയ്യപ്പെട്ടതുമായ സംവിധാനത്തെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സർക്കാർ പരിഷ്ക്കരിക്കുന്നത് ധനകാര്യ കമ്മീഷൻ എന്ന ഭരണഘടനാ സ്ഥാപനത്തോടുള്ള അവഹേളനമാണ്.
- പദ്ധതി രൂപീകരണ പ്രക്രിയ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിലും ഭൗതികലക്ഷ്യം, ഗുണഭോക്തക്കൾ മുതലായ വിശദാംശങ്ങൾ ക്രോഡികരിച്ചു കൊണ്ടുള്ള റിപ്പോർട്ടുകൾ ലഭ്യമല്ലാത്തതു കാരണം വിവിധ തലങ്ങളിലെ പദ്ധതി അവലോകനങ്ങൾ ഫലപ്രദമാക്കാൻ കഴിയുന്നില്ല. കൈവരിച്ച ഭൗതികനേട്ടങ്ങളും ക്രോഡികൃത രൂപത്തിൽ ലഭ്യമല്ല.
- പദ്ധതി ആസുത്രണത്തിന് സഹായസേവനം നൽകേണ്ട കില നിർദേശം നൽകുന്ന സ്ഥാപനമായി മാറുന്നു. സേവാ കേന്ദ്രത്തിന് നിർബന്ധമായും പണം വകയിരുത്തണമെന്ന നിർദേശം ഉദാഹരണം.
- ഘടക സ്ഥാപനങ്ങളുമായി ജൈവബന്ധം ഉണ്ടാക്കാൻ കഴിയുന്നില്ല. അവ വകുപ്പ് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. അവയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട മാന്വലുകൾ ആവിഷ്ക്കരിക്കാനും കഴിഞ്ഞിട്ടില്ല.
- നിർത്തലാക്കിയ വികസന അതോറിറ്റികളുടെ തിരിച്ചു വരവും പുതിയവയുടെ രൂപീകരണവും തദ്ദേശഭരണ സംവിധാനത്തെ അപ്രസക്തമാക്കുന്നു. ഉദാ:- മലയോര വികസന അതോറിറ്റി, വർക്കലയുടേയും ഓണാട്ടുകരയുടേയും കാസർകോഡ് ജില്ലയുടേയും വികസനത്തിന് പ്രത്യേക സംവിധാനങ്ങൾ.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം ജനസമ്പർക്ക പരിപാടിയിലൂടെ കവർന്നെടുക്കുന്നു. ചില പ്രത്യേക വ്യക്തികൾക്ക് വീട് നിർമിച്ചു നൽകാൻ നിർദ്ദേശിക്കുന്നത് ഉദാഹരണം.
- പഞ്ചായത്ത് രാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികളെ അടിസ്ഥാനമാക്കി കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകുന്ന അവാർഡിൽ മുൻകാലങ്ങളിൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളം ഇന്ന് പിന്നോക്കം പോയി.
- സാങ്കേതിക ഉപദേശക സമിതികൾ നൽകിയിരുന്ന സേവനങ്ങൾക്കു പകരം ഫലപ്രദമായ സംവിധാനം ആവിഷ്ക്കരിക്കാൻ കഴിഞ്ഞില്ല. പ്രോജക്ടുകളുടെ ഗുണനിലവാരത്തിൽ ഗണ്യമായ





ഇടിവുണ്ടായിട്ടുണ്ട്.

- കൈമാറിയ ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്നുകൾ ഉൾപ്പെടെ മതിയായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ആ സ്ഥാപനങ്ങളെ ആശ്രയിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നു. ഉദാഹരണത്തിന്, കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്ന കണക്കുകൾ വ്യക്തമാക്കുന്നത് കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട് എന്നാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് പ്രസവ ശ്രുശ്രൂഷയ്ക്കായി സ്ത്രീകൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിയ്ക്കേണ്ടി വരുന്നുവെന്നാണ്.
- വികസന പദ്ധതികൾക്ക് സമഗ്രതയില്ല. കേന്ദ്ര-സംസ്ഥാന പദ്ധതികളുമായും വിവിധ തട്ടുകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായും വിവിധ മേഖലകൾ തമ്മിലുമുള്ള സംയോജനം പദ്ധതി തയ്യാറാക്കുന്നതിൽ ഉണ്ടാകുന്നില്ല. അതുപോലെ എം.പി., എം.എൽ.എ.ഫണ്ടുകൾ ആസ്തി വികസന ഫണ്ട് എന്നിവയുടെ സംയോജനവും സാധ്യമാകുന്നില്ല.
- ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകൾ നിലവിലുള്ള നിയമത്തിൽ തന്നെ ഉണ്ടിയിരിക്കെ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് പുതിയ നിയമവ്യവസ്ഥകൾ നിർദ്ദേശിക്കുകയും അപ്രകാരം തയ്യാറാക്കുന്ന ജില്ലാ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നതിനും വ്യവസ്ഥചെയ്യുന്ന ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് നാലാമതും പുറപ്പെടുവിച്ചത് അധികാര വികേന്ദ്രീകരണ പ്രക്രിയയോടുള്ള വെല്ലുവിളിയാണ്.
- അഞ്ചാം ധനകാര്യ കമ്മീഷന്റെ സമീപനം ആശങ്കകൾ ഉയർത്തുന്നു. സർക്കാരിൽ നിന്നും ധനം പ്രതീക്ഷിക്കാതെ ഗ്രാമപഞ്ചായത്തുകൾ പ്രാദേശികമായി വിഭവ സമാഹരണം നടത്തി ചുമതലകൾ നിറവേറ്റണമെന്നുള്ള കമ്മീഷൻ ചെയർമാന്റെ നിരീക്ഷണങ്ങൾ എതിർക്കപ്പെടേണ്ടവയാണ്. ഗ്രാമപഞ്ചായത്തുകൾ അനിവാര്യ ചുമതലകൾ മാത്രം നിറവേറ്റിയാൽ മതിയെന്നും വികസനകാര്യങ്ങൾ വകുപ്പുകളുടെ ചുമതലയാണെന്നുമുള്ള നിരീക്ഷണങ്ങൾ അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്തയ്ക്കും ഭരണഘടനാ വ്യവസ്ഥകൾക്കും യോജിച്ചതല്ല.
- ഗ്രാമസഭ ജനപങ്കാളിത്ത വേദികളായി പ്രവർത്തിക്കുന്നില്ല. ശക്തിപ്പെടുത്താൻ കഴിഞ്ഞില്ല.
- പതിനൊന്നാം പദ്ധതിയിൽ നഗരപ്രദേശങ്ങൾക്ക് വേണ്ടി ആവിഷ്ക്കരിച്ച അയ്യൻകാളി നഗരതൊഴിലുറപ്പു പദ്ധതി ഉപേക്ഷിച്ചത് വലിയ തിരിച്ചടിയായി.
- ഗ്രാമപഞ്ചായത്തുകളുടെ തനത് സാമ്പത്തിക സ്ഥിതി

മെച്ചപ്പെടുത്തുന്നതിന് നടപടികളില്ല. ശമ്പളം നൽകുന്നതിനു പോലും തികയാത്ത സ്ഥിതിയുണ്ട്.

⇨ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കേണ്ട പ്രശ്നത്തിന് പരിഹാരം കാണുന്നില്ല.

× തദ്ദേശഭരണ വകുപ്പ് തുടക്കത്തിൽ മൂന്നായും തുടർന്ന് ആസൂത്രണവും നഗരകാര്യവും ഉൾപ്പെടെ അഞ്ചായും വകുപ്പുമന്ത്രിമാർക്കു കീഴിൽ വിഭജനം നടത്തി ഏകോപനവും സമഗ്രതയും നഷ്ടപ്പെടുത്തി.

× മുഖ്യമന്ത്രി അദ്ധ്യക്ഷത വഹിക്കുന്ന സംസ്ഥാന ഏകോപനഘടകം ഉപയോഗശൂന്യവും അഴിമതി ആസ്ഥാനവും ആയി.

× കേന്ദ്രാവിഷ്ക്കരണ പദ്ധതി വിഹിതം വർദ്ധിപ്പിച്ച് നേടിയെടുക്കുവാനോ വകുപ്പുതലത്തിൽ പ്രാവർത്തികമാക്കാമോ കഴിയാതെ സംസ്ഥാന വിഹിതം നഷ്ടമാക്കി.

× ഉദ്യാഗസ്ഥ പുനർവിന്യാസവും തദ്ദേശഭരണ ഭരണകാര്യ കേഡർ രൂപീകരണവും അട്ടിമറിച്ചു. താല്കാലിക- കരാർ ജീവനക്കാരിലൂടെ സ്ഥിരനിയമന സാധ്യത നിഷേധിച്ചു.

× വിദഗ്ദ്ധ-സാങ്കതിക പിൻ തുണസമിതികൾ പിരിച്ചു വിട്ടു. സംസ്ഥാനതല പദ്ധതിയവലോകന സമിതിയെ അഴിമതിക്കുള്ള ഉപാധിയാക്കി.

× പദ്ധതി രൂപികരണം- അംഗീകരണം- നടത്തിപ്പ്എന്നിവയിലെ ജനപങ്കാളിത്തം ഇല്ലാതാക്കി ഉദ്യോഗസ്ഥ കേന്ദ്രീകൃതമാക്കി.

× പഞ്ചവത്സര പദ്ധതി- ദീർഘകാല പരിപ്രേഷ്യ പദ്ധതി- വാർഷിക പദ്ധതി എന്നിവ വികലവും നിഷ്ഫലവുമാക്കി.

× ജില്ലാ ആസൂത്രണ സമിതികളെ നിർജീവമാക്കി

× ബിൽ സമ്പ്രദായം അടിച്ചേൽപ്പിച്ച് ധനഉത്തരവാദിത്വവും സ്വയംഭരണവും കവർന്നെടുത്തു.

× പ്രതിമാസ ധനവിഭവ ലഭ്യത ഇല്ലാതാക്കി ട്രഷറി വകുപ്പ് നിയന്ത്രണ സമ്പ്രദായം ബാധകമാക്കി.

× ജനകീയ പദ്ധതികൾ ഉപേക്ഷിച്ചു. - ഇഎംസ് ഭവന പദ്ധതിയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും ഇല്ലാതാക്കി.

× ഐ എ വൈ വിഹിതം ഉയർത്തി നിർണ്ണയിച്ചെങ്കിലും ധനവിഭവ വകയിരുത്തൽ ഇല്ലാതാക്കി പാർപ്പിടനിർവ്വഹണം അവതാളത്തിലാക്കി.

× ഭൂരഹിതർക്ക് ഭൂമി- ഭവന രഹിതർക്ക് വീട് പദ്ധതി ജനസമ്പർക്ക പരിപാടിയുടെ മറവിൽ അട്ടിമറിച്ചു.

× കുടുംബശ്രീയെ തകർക്കാനും ജനശ്രീ, കേരള ശ്രീ, യുവശ്രീ,





തുടങ്ങിയവ വഴി ദുർബ്ബലപ്പെടുത്താനും നടപടി

× നെൽവയൽ- നീർത്തട നിയമവും നടപടിയും മരവിപ്പിച്ചു.

× മാലിന്യ മുക്തകേരളം പദ്ധതി നിർജീവമാക്കി

× നഗരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ അട്ടിമറിച്ചു. തർക്ക വിഷയമാക്കി.

× വനിതാ ഘടക പദ്ധതി- ജൻഡർ ബഡ്ജറ്റിംഗ് ഉപേക്ഷിച്ചു.

× ഗ്രാമ നഗര ആസൂത്രണ ഉദ്യോഗസ്ഥ സംവിധാനം അടിച്ചേൽപ്പിച്ചു.

× സദ്ഭരണ സംരംഭങ്ങളെയും ഉദ്യമങ്ങളെയും ഉപേക്ഷിച്ച് നിർജീവമാക്കി.

× നിരീക്ഷണ- അവലേകന സംവിധാനങ്ങൾ ദുർബ്ബലപ്പെടുത്തി അഴിമതി സാർവ്വത്രികവൽക്കരിച്ചു.

× ഗ്രാമപഞ്ചായത്തുക്കൾ, ബ്ലോക്ക് പഞ്ചായത്തുക്കൾ, നഗര മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, എന്നീവയെ പുനസംഘടനാ കാരണത്താൽ നിക്ഷിപ്ത താല്പര്യത്തിനായി വിഭജിച്ച് വികൃതമാക്കി ഭരണഘടനയും നിയമവ്യവസ്ഥയും അട്ടിമറിച്ചു.

× വാർഷിക പദ്ധതിയ്ക്ക് സമയം ദീർഘിപ്പിച്ചു നൽകി പദ്ധതി സംവിധാനവും ബഡ്ജറ്റ് രൂപീകരണവും ഉൾപ്പെടെ നിയമ-ഭരണബാധ്യതകൾ ഇല്ലാതാക്കി.

× ആസൂത്രണ മേഖല വിഭജനം വേണ്ടെന്നുവച്ചതിലൂടെ പ്രാഥമിക ഉല്പ്പാദന മേഖല ഉപേക്ഷിക്കപ്പെട്ടു.

× ധനവിഭവ വിഹിതം പടിപടിയായി വെട്ടിക്കുറച്ചു.

× കേന്ദ്രാവിഷ്കൃത് പദ്ധതി വിഭവലഭ്യത കുറയാനിടയാക്കി.

× തദ്ദേശ ഭരണ സ്ഥാപനങ്ങളെ ജനാധിപത്യഭരണ വികസന-ക്ഷേമ മൂലകേന്ദ്രങ്ങളാക്കുന്നതിന് വിഭാവനം ചെയ്ത സമഗ്രപ്രക്രിയ താറുമാറാക്കി.

## വികസന കാഴ്ചപ്പാട്

നിലവിലുള്ള സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി വികസന രംഗത്ത് മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞ ഒട്ടേറെ തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. കഴിഞ്ഞ 18 വർഷത്തെ സ്ഥിതി പരിശോധിച്ചാൽ വിവിധ മേഖലകളിൽ വിജയ മാതൃകകൾ സൃഷ്ടിച്ച ധാരാളം തദ്ദേശഭരണ സ്ഥാപനങ്ങളെ കാണാൻ കഴിയും.

പ്രാദേശിക അസന്തുലിതാവസ്ഥയ്ക്ക് പരിഹാരം കാണുക, ദരിദ്ര ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളായ പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ മുതലായവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക, വിദ്യാഭ്യാസ-ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക

എന്നിവയായിരിക്കണം ഭാവിയിൽ പ്രാദേശിക ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. പൊതു സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം. കൃഷി-അനുബന്ധ മേഖലകളുടേയും ചെറുകിട വ്യവസായ മേഖലയുടേയും ഉൽപാദന ക്ഷമത വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമാണ്. വിഭവശോഷണവും പരിസ്ഥിതിക തകർച്ചയും നിയന്ത്രിച്ച് സ്ഥായിയായ വികസന പ്രക്രിയയ്ക്ക് തുടക്കം കുറിക്കണം.

അതുപോലെ ഓരോ പ്രദേശത്തിന്റേയും സാധ്യതകൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് വനിതാ ഘടക പദ്ധതിയുടെ സമീപനത്തിലും കാഴ്ചപ്പാടിലും ഗുണകരമായ മാറ്റം വരുത്തേണ്ടതുണ്ട്. ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ വികസനത്തിന് പ്രത്യേക കാഴ്ചപ്പാട് വേണം. സാന്ത്വന പരിചരണ സേവനം (പാലിയേറ്റീവ് കെയർ) കാലത്തിന്റെ അനിവാര്യതയാണ്. ചേരികളിൽ താമസിക്കാൻ വിധിക്കപ്പെട്ടവരുടെ വികസനത്തിന് ഉതകുന്ന ഗൗരവമായ ഇടപെടലുകൾ നടത്തുകയും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുകയും വേണം.

ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നത് പ്രാദേശിക സർക്കാരുകൾക്കാണെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. സമഗ്ര വീക്ഷണവും ഏകോപനവും വിവിധതരം സംയോജനവും പ്രാധാന്യമർഹിക്കുന്നു. ജില്ലാ പദ്ധതി എന്ന അനിവാര്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ഒരു പൊതു തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന ഈ സന്ദർഭത്തിൽ പൊതു പ്രവർത്തകരും രാഷ്ട്രീയ പാർട്ടികളും പ്രാദേശിക വികസന പ്രവർത്തനങ്ങളെ വളരെ ഗൗരവത്തോടെ സമീപിക്കേണ്ടതുണ്ട്. അതോടൊപ്പം അധികാര വികേന്ദ്രീകരണ ശ്രമങ്ങളെ ശക്തിപ്പെടുത്തുന്ന നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പോലെ ഭരണത്തിലെ മറ്റൊരു തലം എന്നത് മാത്രമായി പ്രാദേശിക സർക്കാരുകൾ മാറാൻ പാടില്ല. ആസൂത്രിത വികസനം എന്ന സങ്കൽപത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻവാങ്ങുന്ന ഈ സന്ദർഭത്തിൽ പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തം വർദ്ധിക്കുകയാണ്. പ്രാദേശിക സർക്കാരുകളിലൂടെ ഒരു ബദൽ വികസന മാതൃക രൂപപ്പെടുത്തിയെടുക്കാനും അത് രാജ്യത്തിനു മുമ്പിൽ അവതരിപ്പിക്കാനും നമുക്ക് കഴിയണം. ജില്ലാതല വികസന കാഴ്ചപ്പാടും മുൻഗണനകളും തയ്യാറാക്കി അതിന് അനുസൃതമായി ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പ്രത്യേക വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി തെരഞ്ഞെടുപ്പിനെ സമീപിക്കുന്ന ഒരു സമ്പ്രദായം പ്രാവർത്തികമാക്കാൻ കഴിയുമോയെന്ന് രാഷ്ട്രീയ പാർട്ടികൾ പരിശോധിക്കേണ്ടതാണ്.





## അധികാര വികേന്ദ്രീകരണം വ്യത്യസ്ത നയസമീപനങ്ങൾ

**എൽ.ഡി.എഫ്.**

× അധികാരം ജനങ്ങൾക്ക്

× സമഗ്രമായ അധികാര വികേന്ദ്രീകരണം ലംബ-നിശ്ചിതതലങ്ങളിൽ

× ഉദ്ഗ്രഥിതവും സമഗ്രവുമായ സമീപനം

× ജനകീയ നേതൃത്വം- ഉടമസ്ഥത- പങ്കാളിത്തം

× ഉല്പാദന- വികസന- സേവന മേഖലകളുടെ പുരോഗതി.

× സ്വയംഭരണക്ഷമതയും കാര്യക്ഷമതയും അഴിമതിരഹിതവുമായ സ്വയഭരണ നടത്തിപ്പ്

× ധനവിഭവം, സ്ഥാപനസംവിധാനം, ഉദ്യോഗസ്ഥ വിഭാഗം, ഉത്തരവാദിത്വം എന്നിവ കൈമാറുക.

× സമ്പത്തിന്റെയും നേട്ടത്തിന്റെയും തുല്യവും നീതിപൂർവ്വവും ഗുണപരവുമായ വിതരണം ഉറപ്പാക്കുക.

× സുതാര്യത, സമൂഹനിരീക്ഷണം, നഷ്ടോത്തരവാദിത്വം എന്നിവ പാലിക്കുക.

× നയം, നിയമം, ചട്ടങ്ങൾ, ഉത്തരവുകൾ, ഭരണപരിഷ്കരണം എന്നിവയിലൂടെ തദ്ദേശഭരണത്തെ ശക്തിപ്പെടുത്തുക.

× വിവരസാങ്കേതിക- വൈജ്ഞാനിക സാധ്യതകളിലൂടെ ഭരണം ജനപക്ഷമാക്കുക.

× അധികാര വികേന്ദ്രീകരണത്തെയും ആസൂത്രണ വികേന്ദ്രീകരണത്തെയും ഏകോപിപ്പിച്ചു.

× ജില്ലാഭരണ നിയമനിർമ്മാണം, ഭരണ പരിഷ്കരണ കമ്മിറ്റികൾ, ജില്ലാ കൗൺസിൽ രൂപികരണം, സമഗ്രഅധികാര വികേന്ദ്രീകരണ നിയമം, ജനകീയാസൂത്രണം, എന്നിവയിലൂടെ അധികാര വികേന്ദ്രീകരണത്തെ മുന്നോട്ടു നയിക്കുക.

**യു.ഡി.എഫ്.**

× അധികാരം ഭരണകൂടത്തിന്

× അധികാരത്തിന്റെ തട്ട്വൽക്കരണം

× യാന്ത്രികവും ശിഥിലവുമായ സമീപനം

× ജനങ്ങൾ ഗുണഭോക്തൃ-തല്പര വിഭാഗം മാത്രം

× നിർവ്വാഹണ ഉപകരണമോ ഉപാധിയോ എന്ന രീതി.

× നിയന്ത്രിതവും ആശ്രിതവും ആയ നിർവ്വഹണ നടത്തിപ്പ്.

× വിഭവം, അധികാരം, ഉത്തരവാദിത്വം,എന്നിവ തിരിച്ചു പിടിക്കുക.

× സമ്പത്തിന്റെയും നേട്ടങ്ങളുടെയും കേന്ദ്രീകരണസാധ്യമാക്കുകയും വിതരണക്രമ നീതി നിഷേധിക്കുകയും ചെയ്യുക.
× രഹസ്യാത്മകത, നിരീക്ഷണരാഹിത്യം, നിരൂത്തരവാദിത്വം എന്നിവ പ്രോത്സാഹിപ്പിക്കുക.
× നയനിയമങ്ങൾ, ഉത്തരവുകൾ എന്നിവയിലൂടെ തദ്ദേശഭരണ സംവിധാനം ദുർബ്ബലമാക്കുക.
× വിവര വിജ്ഞാന സാധ്യതകൾ ജനവിരുദ്ധമായി ഉപയോഗിക്കുക.
× അധികാരങ്ങൾ കേന്ദ്രീകരിച്ചു ആസൂത്രണവികേന്ദ്രീകരണം അട്ടിമറിച്ചു.
× തദ്ദേശ ഭരണസ്ഥാപനങ്ങൾ പിരിട്ടുവിട്ടു.
× അഡ്മിനിസ്ട്രേറ്റർ ഭരണം അടിച്ചേൽപ്പിച്ചു, തെരഞ്ഞെടുപ്പ് മാറ്റി വച്ചു., ജനകീയാസൂത്രണത്തെ അട്ടിമറിച്ചു.

## കേന്ദ്ര ബി.ജെ.പി. സർക്കാരും വികേന്ദ്രീകൃത വികസനവും

കേന്ദ്രം നേരിട്ട് തദ്ദേശഭരണ പ്രക്രിയയിൽ ഇടപ്പെടുന്ന വിധം ഭരണഘടനാതത്വ വിരുദ്ധമായ നിലപാടെടുക്കുന്നു. പാർപ്പിട പദ്ധതി, പശ്ചാത്തല നിർവ്വഹണ വികസന പദ്ധതി, സംരംഭകത്വം- തൊഴിൽ ദാനപദ്ധതികൾ മുതലായവ അട്ടിമറിച്ചു. കാർഷിക മേഖലാവിഹിതം 6131 കോടി വെട്ടിക്കുറച്ചു, ഭക്ഷ്യ സബ്സിഡി 2.1% ൽ നിന്ന് 1.7 % ആയി ചുരുക്കി, പ്രാഥമിക വിദ്യാഭ്യാസ മേഖലയ്ക്ക് 22000 കോടിരൂപ മാത്രമായി പരിമിതപ്പെടുത്തി. സമഗ്രമാതൃശിശുസംരക്ഷണ വികസന പദ്ധതി വകയിരുത്തൽ 54% കണ്ട് വെട്ടികുറച്ചു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വകയിരുത്തൽ 2100 കോടിയായി പരിമിതപ്പെടുത്തി. ആസൂത്രണ കമ്മീഷൻ പിരിച്ചു വിട്ട് പകരം നീക്കി ആയോഗ് രൂപീകരിച്ചു. ഫെഡറൽ ഭരണഘടന പ്രകാരമുള്ള ആസൂത്രണ പ്രകിയ അട്ടിമറിക്കപ്പെട്ടു. ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ സ്വഛഭാരതത്തിനായി അട്ടിമറിച്ചു.